4

നവംബർ 2020

ബുധൻ

1196 തുലാം 19 1442 റ. അവ്വൽ 18

കാരവൽ

THE FIRST DAILY IN KERALA WITH TWO LANGUAGE EDITIONS ESTABLISHED-1976

RNI Reg:No:70844/99 KARAVAL DAILY PUBLISHED FROM KASARAGOD കാസർകോട്•പുസ്തകം 27 •ലക്കം 211 •പേജ് 6 •വില: 5 രൂപ

സുഖകരമായ യാത്ര, ശ്രദ്ധേയമായ പരിചരണം
കാസർകോട്-ബാംഗ്ലൂർ (ദിവസവും)
മംഗലാപുരം-കാസർകോട്-എറണാകുളം (ദിവസവും)
ബുക്കിംഗിന് ബന്ധപ്പെടുക
(Shayda Marg.)
BANGALORE
Kohinoor
Behind Sagar Talkies,
Ghandhi Nagar,Bangalore
080 2287 7199
KASARAGOD
Kohinoor (Safar) Travels
New Bus Stand. Ph: 04994- 223952,
230840, 227550, 9037314984
നിങ്ങളുടെ ആനന്ദം ഞങ്ങളുടെ സംതൃപ്തി

ജ്വല്ലറി നിക്ഷേപ തട്ടിപ്പ്: എം സി ഖമറുദ്ദീൻ എം എൽ എ സ്ഥാനം രാജിവെച്ചേക്കും; ചർച്ചകൾ സജീവം

കാസർകോട്: ഫാഷൻ ഗോൾഡ് നിക്ഷേപ തട്ടിപ്പുമായി ബന്ധപ്പെട്ട് നൂറോളം കേസുകളിൽ പ്രതിയായ ചെയർമാൻ എം സി ഖമറുദ്ദീൻ എം എൽ എ സ്ഥാനം രാജിവെച്ചേക്കുമെന്ന് സൂചന. ഇതു സംബന്ധിച്ച ചർച്ചകൾ ലീഗിനകത്ത് സജീവമായതായി സൂചന. ഇന്നു കാസർകോട്ട് നടക്കുന്ന യു ഡി എഫ് ജില്ലാ നേതൃയോഗത്തിനെത്തുന്ന നേതാക്കൾ ഇതു സംബന്ധിച്ച് അനൗദ്യോഗിക ചർച്ചകൾ നടത്തുമെന്നാണ് വിവരം.

ആറുമാസത്തിനകം നിക്ഷേപകർക്കെല്ലാം പണം തിരികെ നൽകണമെന്ന് നേരത്തെ മുസ്ലീംലീഗ് നേതൃത്വം ഖമറുദ്ദീന് നിർദ്ദേശം നൽകിയിരുന്നു. സ്ഥാപനത്തിന്റെ ബാധ്യതകൾ തിട്ടപ്പെടുത്തി റിപ്പോർട്ട് സമർപ്പിക്കാൻ മധ്യസ്ഥനെയും നിയോഗിച്ചിരുന്നു. എന്നാൽ മധ്യസ്ഥ ശ്രമം പരാജയപ്പെടുകയായിരുന്നു. ഇതു സംബന്ധിച്ച റിപ്പോർട്ട് കഴിഞ്ഞ ദിവസം സംസ്ഥാന നേതൃത്വത്തിന് സമർപ്പിച്ചതായും സൂചനയുണ്ടായിരുന്നു. കേസുകളും പരാതികളും ഉണ്ടായതിന് ശേഷം കമ്പനികളുടെ ആസ്തികൾ മറിച്ചു വിറ്റതായി കണ്ടെത്തിയിരുന്നു.

ആസ്തി രേഖകളെല്ലാം അന്വേഷണ സംഘത്തിന്റെ കസ്റ്റഡിയിലുമാണ്. ഇത്തരമൊരു സാഹചര്യത്തിൽ ആസ്തികൾ വിറ്റ് നിക്ഷേപകർക്ക് പണം കൈമാറാനുള്ള ലീഗ് നേതൃത്വത്തിന്റെ നീക്കത്തിന് തിരിച്ചടിയായി. ഇതോടെ കേസ് ഖമറുദ്ദീൻ വ്യക്തിപരമായി തന്നെ നേരിടട്ടെ എന്ന നിലപാടിലാണ് പാർട്ടി നേതൃത്വം.

ഇത്തരമൊരു സാഹചര്യത്തിലാണ് ഖമറുദ്ദീൻ എം എൽ എ സ്ഥാനം രാജിവെയ്ക്കാനുള്ള സാധ്യതയേറുന്നത്. ക്രിമിനൽ കേസുകളിൽ പ്രതിയായ എം സി ഖമറുദ്ദീൻ എം എൽ എ സ്ഥാനത്ത് തുടരുന്നത് പഞ്ചായത്ത് തെരഞ്ഞെടുപ്പ് ഫലത്തെ പ്രതികൂലമായി ബാധിക്കുമെന്ന ആശങ്കയിലാണ് നേതൃത്വം. മാസങ്ങൾക്കകം നടക്കുന്ന നിയമസഭാ തെരഞ്ഞെടുപ്പിലും നിക്ഷേപ തട്ടിപ്പ് കേസ് പ്രതികൂലമാകുമെന്നും നേതൃത്വം കണക്ക് കൂട്ടുന്നു. ഇത്തരമൊരു സാഹചര്യത്തിലാണ് എം എൽ എയുടെ രാജി സംബന്ധിച്ച ചർച്ചകൾ സീജവമായിട്ടുള്ളത്.

എം എൽ എയ്ക്കെതിരെ കാസർകോട്ട് വീണ്ടും കേസ്

കാസർകോട്: ഫാഷൻ ഗോൾഡ് ജ്വല്ലറി നിക്ഷേപ തട്ടിപ്പ് കേസിൽ പ്രത്യേക അന്വേഷണ സംഘം അന്വേഷണം ഊർജ്ജിതമാക്കിയതിന് പിന്നാലെ ചെയർമാൻ എം സി ഖമറുദ്ദീൻ എം എൽ എയ്ക്കും മാനേജിംഗ് ഡയറക്ടറും മുസ്ലീംലീഗ് ജില്ലാ പ്രവർത്തക സമിതി അംഗവുമായ ടി കെ പൂക്കോയ തങ്ങൾക്കും എതിരെ കാസർകോട് ടൗൺ പൊലീസ് ഒരു കേസു കൂടി രജിസ്റ്റർ ചെയ്തു. ഉദുമ പക്യാരയിലെ മുഹമ്മദ് ഹാഷിമിന്റെ പരാതി പ്രകാരമാണ് കേസ്. 2016 ഡിസംബർ 13ന് 10 ലക്ഷം രൂപ നിക്ഷേപമായി നൽകിയെന്നും എന്നാൽ ലാഭവിഹിതമോ നിക്ഷേപ തുകയോ തിരികെ നൽകിയില്ലെന്നും മുഹമ്മദ് ഹാഷിം നൽകിയ പരാതിയിൽ പറയുന്നു. കമ്പനി ഡയറക്ടറായ സൈനുൽ ആബിദിനെതിരെയും ഹാഷിമിന്റെ പരാതിയിൽ കേസെടുത്തിട്ടുണ്ട്. ചെറുവത്തൂർ, തുരുത്തി, ആലിനപ്പുറത്തെ അബ്ദുൾ അസീസ് ഹാജിയുടെ പരാതിയിൽ ഖമറുദ്ദീനും പൂക്കോയ തങ്ങൾക്കും എതിരെ പയ്യന്നൂർ പൊലീസും കേസെടുത്തു. വിവിധ സമയങ്ങളിലായി നിക്ഷേപമായി വാങ്ങിയ 1.20 കോടി രൂപയിൽ നിന്ന് 60 ലക്ഷം രൂപ മാത്രമെ തിരികെ തന്നുള്ളൂവെന്നാണ് അസീസ് ഹാജിയുടെ പരാതിയിൽ പറയുന്നത്.

അട്ക്ക വെടിവയ്പ് കേസ്

പൊലീസ് വാഹനത്തെ ആക്രമിച്ച് പ്രതികൾ രക്ഷപ്പെട്ടു

ഉപ്പള: ബന്തിയോട്, അട്ക്ക വെടിവെയ്പ് കേസിലെ പ്രതികൾ സഞ്ചരിച്ചിരുന്ന കാർ പൊലീസ് ജീപ്പിനെ ഇടിച്ച ശേഷം രക്ഷപ്പെട്ടു. ഇന്നലെ രാത്രി എട്ടുമണിയോടെ മജീർപ്പള്ളം, കൊടലമുഗറുവിലാണ് സംഭവം.

വെടിവയ്പ് കേസിലെ പ്രതികൾ കൊടലമുഗറുവിൽ ചുറ്റിക്കറങ്ങുന്നുണ്ടെന്ന വിവരത്തെ തുടർന്നാണ് ഡിവൈഎസ്.പിയുടെ സ്ക്വാഡിലെ എസ്.ഐ ബാലകൃഷ്ണനും സംഘവും സ്ഥലത്ത് എത്തിയത്. കേസിലെ പ്രതികളായ സമദാനി അടക്കമുള്ളവർ നിർത്തിയിട്ട കാറിൽ ഉള്ളതായി പൊലീസിനു വ്യക്തമായി. ഉടൻ തന്നെ പൊലീസ് ജീപ്പ് റോഡിനു കുറുകെ നിർത്തി പ്രതികളെ പിടികൂടാനായിരുന്നു ശ്രമം. ഇതിനിടയിൽ പ്രതികൾ കാർ ഓടിച്ച് പൊലീസ് ജീപ്പിൽ ഇടിച്ച് രക്ഷപ്പെടുകയായിരുന്നുവെന്നു പൊലീസ് പറഞ്ഞു.

വിവരമറിഞ്ഞ് കൂടുതൽ പൊലീസ് സ്ഥലത്ത് എത്തി തെരച്ചിൽ നടത്തിയെങ്കിലും പ്രതികളെ കണ്ടെത്താനായില്ല. സംഘം കർണ്ണാടകയിലേയ്ക്ക് കടന്നതായാണ് സൂചന.

സംഭവത്തിൽ മഞ്ചേശ്വരം പൊലീസ് കേസെടുത്തു. കഴിഞ്ഞ മാസം 31ന് രാവിലെ ആണ് അട്ക്ക, ബൈദലയിലെ ഷേഖാലിയുടെ വീട്ടുമുറ്റത്തു നിർത്തിയിട്ടിരുന്ന കാറിനു നേരെ വെടിവെയ്പ് ഉണ്ടായത്. പിന്നീട് ബന്തിയോടിനു സമീപത്ത് വച്ച് കാറിൽ ടിപ്പർ ഇടിച്ച സംഭവവും ഉണ്ടായിരുന്നു. ഈ കേസുകളിലെപ്രതികളെ തേടിയാണ് പൊലീസ് സംഘം ഇന്നലെ രാത്രി കൊടലമൊഗറുവിലെത്തിയത്. വെടിവെയ്പു കേസിൽ കൊലക്കേസ് പ്രതിയടക്കം രണ്ടു പ്രതികളെ കഴിഞ്ഞ ദിവസം അറസ്റ്റു ചെയ്തിരുന്നു. മറ്റു പ്രതികളെ പിടികൂടാനുള്ള ശ്രമം തുടരുന്നതിനിടയിലാണ് പൊലീസ് ജീപ്പിനു നേരെ ഇന്നലെ രാത്രി അക്രമം ഉണ്ടായത്.

കാറിടിച്ച് തകർന്ന പൊലീസ് വാഹനം

സി.പി.എമ്മിലെ ജീർണ്ണത പാരമ്യത്തിലെത്തി: ചെന്നിത്തല

കാസർകോട്: സംസ്ഥാനത്ത് സി.പി.എമ്മിനകത്തെ ജീർണ്ണത പാരമ്യത്തിലെത്തിയതായി പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല ആരോപിച്ചു. യു.ഡി.എഫ് ജില്ലാ നേതൃയോഗം ഉദ്ഘാടനം ചെയ്യാൻ എത്തിയ അദ്ദേഹം മാധ്യമ പ്രവർത്തകരോട് സംസാരിക്കുകയായിരുന്നു.

പാർട്ടി സെക്രട്ടറിയുടെ മകൻ കോടീശ്വരൻ ആയത് പാർട്ടി സെക്രട്ടറിയോ, മുഖ്യമന്ത്രിയോ അറിയില്ലെന്ന് ആരോടാണ് പറയുന്നത്? എന്തിനാണ് ജനങ്ങളെ ഇങ്ങിനെ വിഡ്ഢികളാക്കാൻ ശ്രമിക്കുന്നത് ? -ചെന്നിത്തല ആരാഞ്ഞു.

മകൻ കോടികൾ സമ്പാദിച്ചതിനെക്കുറിച്ച് ഒരച്ഛൻ എന്ന നിലയിൽ അന്വേഷിച്ചില്ലെന്നു പറയുന്നത് എങ്ങിനെയാണ് മനസ്സിലാക്കേണ്ടത്-ചെന്നിത്തല ചോദിച്ചു.

പ്രതിപക്ഷനേതാവ് രമേശ് ചെന്നിത്തല മാധ്യമങ്ങളെ കാണുന്നു

സുന്നീ പ്രവർത്തകൻ ദുബൈയിൽ മരിച്ചു

മഞ്ചേശ്വരം: സുന്നീ പ്രവർത്തകനും ദുബൈ കറാമയിലെ മൊബൈൽ ഷോപ്പ് ജീവനക്കാരനുമായ ഗുഡ്ഡഗേരി സ്വദേശി അസ്ഗർ (23) ഹൃദയാഘാതം മൂലം മരിച്ചു. രാത്രി കിടന്നുറങ്ങിയ അസ്ഗർ രാവിലെ ഉണരാതിരുന്നപ്പോഴാണ് കൂടെയുള്ളവർ മരണ വിവരം അറിയുന്നത്. മാതാവ് ആയിഷ, സഹോദരങ്ങൾ: മൻസൂർ, മഷ്ഹൂദ്, ഇർഷാന, അർഷാന, തൗസീമ. നിര്യാണത്തിൽ മള്ഹർ സാരഥി സയ്യിദ് അബ്ദുറഹ്മാൻ ഷഹീർ അൽ ബുഖാരി, കേരള മുസ് ലിം ജമാഅത്ത് ജില്ലാ ഉപാദ്ധ്യക്ഷൻ പള്ളങ്കോട് അബ്ദുൽ ഖാദിർ മദനി, എസ് വൈ എസ് ജില്ലാ സെക്രട്ടറി ബഷീർ പുളിക്കൂർ, മുസ്‌ലിം ജമാഅത്ത് യൂണിറ്റ് പ്രസിഡണ്ട് അഷ്റഫ് ഗുഡ്ഡഗേരി എന്നിവർ അനുശോചിച്ചു. കോവിഡ് നെഗറ്റീവ് റിപ്പോർട്ട് ലഭിച്ചതിനാൽ മൃതദേഹം ഇന്ന് നാട്ടിലെത്തിക്കാനുള്ള ശ്രമം നടത്തിവരികയാണ്.

ബട്ടംപാറയിൽ യുവാവിനെ ആക്രമിച്ചു

കാസർകോട്: ബട്ടംപാറയിലെ കെ എസ് ആഷിറി(36) നെ സംഘം ചേർന്ന് ആക്രമിച്ചതായി പരാതി. ദേഹമാസകലം പരിക്കേറ്റ ഇയാളെ ജനറൽ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ഇന്നലെ രാത്രി ബട്ടംപാറ പാലത്തിന് സമീപത്ത് മൊബൈൽ ഫോണിൽ ക്രിക്കറ്റ് കളി കാണുന്നതിനിടയിൽ അക്രമിക്കുകയായിരുന്നുവെന്നാണ് പരാതി. സംഭവത്തിൽ ഇംതിയാസ്, സിറാജ്, മനാഫ്, അബ്ദുൾ റഹ്മാൻ എന്നിവർക്കെതിരെ ടൗൺ പൊലീസ് കേസെടുത്തു.

യു.എസ് പ്രസിഡണ്ട് തെരഞ്ഞെടുപ്പ്; ഇഞ്ചോടിഞ്ച് പോരാട്ടം

വാഷിംഗ്ടൺ: ലോകം ആകാംക്ഷയോടെ കാത്തിരുന്ന അമേരിക്കൻ പ്രസിഡണ്ട് തെരഞ്ഞെടുപ്പിൽ ഇഞ്ചോടിഞ്ച് പോരാട്ടം.

ഇലക്ടറൽ വോട്ടുകൾ എണ്ണുന്നത് പുരോഗമിക്കുമ്പോൾ റിപ്പബ്ലിക്കൻ സ്ഥാനാർത്ഥിയും നിലവിലെ പ്രസിഡണ്ടുമായ ഡൊണാൾഡ് ട്രംപ് 139 വോട്ടുകൾ നേടി. എന്നാൽ 213 വോട്ടുകൾ നേടിയ ഡെമോക്രാറ്റിക് പാർട്ടി സ്ഥാനാർത്ഥി ജോബൈഡനാണ് മുന്നിലുള്ളത്. വിജയിക്കാനുള്ള 270 ഇലക്ടറൽ വോട്ടുകൾ ആര് നേടുമെന്നാണ് എല്ലാവരും ആകാംക്ഷയോടെ കാത്തിരിക്കുന്നത്. 213ൽ നിന്നും വിജയിക്കാനാവശ്യമായ 270 ലേക്ക് എത്തുക എന്നത് ബൈഡന് എളുപ്പമല്ല. സെനറ്റിലേക്കുള്ള മത്സരത്തിലും ഇരു പാർട്ടികളും തുല്യ ശക്തികളായി മുന്നേറുന്നു.

മാവോയിസ്റ്റ് വേട്ട: ജുഡീഷ്യൽ അന്വേഷണം വേണം

കാസർകോട്: വയനാട്ടിൽ ഇന്നലെയുണ്ടായ മാവോയിസ്റ്റ് വേട്ട സംബന്ധിച്ച് ജുഡീഷ്യൽ അന്വേഷണം നടത്തണമെന്ന് രമേശ് ചെന്നിത്തല ആവശ്യപ്പെട്ടു.

പിണറായി സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് എട്ടു മാവോയിസ്റ്റുകളെയാണ് വെടിവച്ചു കൊന്നത്. മാവോയിസ്റ്റുകളെ വെടിവെച്ചു കൊല്ലാൻ രാജ്യത്ത് പ്രത്യേക നിയമമൊന്നും ഇല്ലെന്നും വെടിവെയ്പിൽ മാവോയിസ്റ്റ് മരിച്ച സംഭവത്തിൽ കൊലപാതകത്തിനു കേസെടുത്ത് അന്വേഷിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

യുവാവ് ഹൃദയാഘാതം മൂലം മരിച്ചു

കാസർകോട്: ഹൃദയാഘാതത്തെ തുടർന്ന് യുവാവ് മരിച്ചു. ഉളിയത്തടുക്കയിലെ വാടക വീട്ടിൽ താമസക്കാരനായ ഇക്ബാൽ (47)ആണ് മരിച്ചത്. സുബ്ഹി നിസ്ക്കാര ശേഷം നെഞ്ചുവേദന അനുഭവപ്പെടുകയായിരുന്നു. ഉടൻ ആശുപത്രിയിൽ പ്രവേശിപ്പിച്ചുവെങ്കിലും ജീവൻ രക്ഷിക്കാനായില്ല.

പഴയകാല മാപ്പിളപ്പാട്ടു ഗായകനും ദഫ് പരിശീലകനുമായിരുന്ന ഇക്ബാൽ മൊഗ്രാലിലെ പരേതരായ അബ്ദുൽ ഖാദർ-സുഹ്റ ദമ്പതികളുടെ മകനാണ്. ഭാര്യ: സറീന. മക്കൾ: ഷെഹ്സാദ്, ഷഹാന, ഷൈമ, ഖാദർ.

കോടിയേരി പാർട്ടി സെക്രട്ടറി സ്ഥാനം ഒഴിഞ്ഞേക്കുമെന്നു സൂചന

തിരു: ബിനീഷ് പ്രശ്നത്തിൽ വീർപ്പുമുട്ടുന്ന പിതാവും സി പി എം സംസ്ഥാന സെക്രട്ടറിയുമായ കോടിയേരി ബാലകൃഷ്ണൻ പാർട്ടി ഭാരവാഹിത്വം ഒഴിഞ്ഞേക്കുമെന്നു സൂചന. വെള്ളി, ശനി ദിവസങ്ങളിൽ നടക്കുന്ന പാർട്ടി സെക്രട്ടറിയേറ്റ്, സംസ്ഥാന കമ്മിറ്റി യോഗങ്ങളിൽ ഇതു സംബന്ധിച്ചു തീരുമാനമാകും.

കേന്ദ്ര അന്വേഷണ ഏജൻസികളുടെ പീഡനം മകൻ അതിദുസ്സഹമായി നേരിടുന്നുണ്ടെന്നും അതു താൻ പാർട്ടി സെക്രട്ടറി ആയതുകൊണ്ടാണെന്നും അടുത്ത സുഹൃത്തുക്കളോട് അദ്ദേഹം പറഞ്ഞതായി സൂചനയുണ്ട്. പാർട്ടി സെക്രട്ടറി സ്ഥാനം ഒഴിഞ്ഞാൽ മകനു പീഡനം നേരിടുന്നതിൽ കുറവുണ്ടാവുമെന്നും ഒക്കച്ചങ്ങാതിമാരോട് അദ്ദേഹം അഭിപ്രായപ്പെട്ടതായും പ്രചരണമുണ്ട്.

വിവിധ കേന്ദ്ര ഏജൻസികളുടെ അന്വേഷണവും ചോദ്യം ചെയ്യലും തുടരുന്നതിനിടയിൽ നാർക്കോട്ടിക് കൺട്രോൾ ബ്യൂറോയും ബിനീഷിനെതിരെ കേസെടുക്കുമെന്നു വിവരമുണ്ട്. ഇതിനു പുറമെ ബിനീഷിന്റെ ബിനാമി ഇടപാടുകളെക്കുറിച്ചന്വേഷിക്കാൻ പത്തംഗ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് സംഘവും സംസ്ഥാനത്തെത്തുന്നുണ്ട്.

ബിനീഷിനെതിരെ അന്വേഷണമാരംഭിച്ചപ്പോൾത്തന്നെ പാർട്ടി നേതൃസ്ഥാനം ഒഴിയാൻ കോടിയേരി സന്നദ്ധത പ്രകടിപ്പിച്ചിരുന്നെന്നു പറയുന്നു.

എന്നാൽ പഞ്ചായത്ത്-നിയമസഭാ തിരഞ്ഞെടുപ്പുകൾ പടിവാതിൽക്കൽ എത്തിനിൽക്കേ കോടിയേരി നേതൃസ്ഥാനം ഒഴിയുന്നതിൽ നേതൃനിര വിയോജിപ്പു പ്രകടിപ്പിക്കുകയായിരുന്നെന്നു പറയുന്നു. എന്നാൽ തുടർന്നു ബിനീഷുമായി ബന്ധപ്പെട്ടുണ്ടായിക്കൊണ്ടിരിക്കുന്ന സ്ഥിതിഗതികൾ കോടിയേരിയെ പ്രതിസന്ധിയിലാക്കിയിരിക്കുകയാണെന്നു പറയുന്നു. മകൻ ചെയ്യുന്ന കുറ്റത്തിനു പിതാവ് ഉത്തരവാദിയല്ലെന്ന ന്യായം ശരിയാണെങ്കിലും ഇപ്പോഴത്തെ സാഹചര്യത്തിൽ അതും പറഞ്ഞിരിക്കുന്നത് അണികളെ പരിഹസിക്കുന്നതിനു തുല്യമായേക്കുമെന്നും അഭിപ്രായമുയരുന്നുണ്ട്. ഈ പശ്ചാത്തലം കൂടി കണക്കിലെടുത്താണ് പുനർ വിചിന്തനമെന്നാണ് സൂചന.

ബിനീഷിന്റെ തിരുവനന്തപുരത്തെ വീട്ടിൽ ഇ ഡി റെയ്ഡ്

തിരു: മയക്കുമരുന്ന് കടത്ത് കേസിലെ ഹവാല ഇടപാടുമായി ബന്ധപ്പെട്ട് ബംഗ്ളൂരുവിൽ എൻഫോഴ്സ്മെന്റ് അറസ്റ്റ് ചെയ്ത സി പി എം സംസ്ഥാന സെക്രട്ടറി കോടിയേരി ബാലകൃഷ്ണന്റെ മകൻ ബിനീഷ് കോടിയേരിയുടെ ബിനാമി ഇടപാടുകൾ അന്വേഷിക്കാൻ തിരുവനന്തപുരത്ത് എത്തിയ ഇ ഡി സംഘം ബിനീഷിന്റെ വീട്ടിലും മറ്റ് ചില കേന്ദ്രങ്ങളിലും പരിശോധന ആരംഭിച്ചു. ബിനീഷിന്റെ മരുതുംകുഴിയിലുള്ള വീട്ടിലാണ് ഇ ഡി സംഘം ഇന്ന് രാവിലെ പരിശോധനക്ക് എത്തിയത്. ബിനീഷ് അറസ്റ്റിലാവുന്നതിന് തൊട്ടുമുമ്പ് വരെ മരുതും കുഴിയിലുള്ള ഈ വീട്ടിലായിരുന്നു കോടിയേരിയും ഭാര്യയും താമസിച്ചിരുന്നത്. ബിനീഷ് ബന്ധപ്പെട്ടിട്ടുള്ള ബിസിനസ് സംരംഭങ്ങൾ പലതാണെന്നാണ് അന്വേഷണ ഏജൻസികൾക്ക് കിട്ടിയിട്ടുള്ള വിവരം. ഇതേ തുടർന്ന് തിരുവനന്തപുരത്തെത്തിയ സംഘം ഏഴു കേന്ദ്രങ്ങളിലാണ് പരിശോധന നടത്തി വരുന്നത്. സാമ്പത്തിക ഇടപാടുകൾക്കും മയക്കുമരുന്ന് കേസിനും പുറമെ സ്വർണ്ണ കടത്ത് കേസിലേക്ക് കൂടി കാര്യങ്ങൾ എത്തുന്ന രീതിയിലേക്കാണ് ഇപ്പോൾ അന്വേഷണം സംഘം നീങ്ങുന്നതെന്നാണ് സൂചന.

കഞ്ചാവുമായി അറസ്റ്റിൽ

ബദിയഡുക്ക: 22 ഗ്രാം കഞ്ചാവുമായി യുവാവ് അറസ്റ്റിൽ. കാസർകോട്, കേളുകുന്നിലെ ഫാത്തിമാ ഹൗസിൽ ടി എം ഇസാഖി(30)നെ ബദിയഡുക്ക എക്സൈസ് നീർച്ചാൽ തായൽ ബസാറിൽ വച്ചാണ് അറസ്റ്റ് ചെയ്തത്.

ഭാര്യയുടെ ആത്മഹത്യ; പഞ്ചായത്തംഗം റിമാന്റിൽ

ബന്തടുക്ക: ഭാര്യ വിഷം കഴിച്ചു മരിച്ച കേസിൽ കോൺഗ്രസ് കുറ്റിക്കോൽ മണ്ഡലം കമ്മിറ്റി പ്രസിഡണ്ടും പഞ്ചായത്തംഗവുമായ ഭർത്താവിനെ റിമാന്റു ചെയ്തു. കരിവേടകം, മണപ്പാടിയിലെ ജോസ് പാറത്തട്ടേൽ (46) ആണ് റിമാന്റിലായത്.

കോവിഡ് ബാധിച്ചതിനാൽ ജോസ് പാറത്തട്ടേൽ പടന്നക്കാട്ടെ കോവിഡ് നിരീഷണ കേന്ദ്രത്തിലായിരുന്നു. പരിശോധനാഫലം നെഗറ്റീവായതോടെ ബേഡകം ഇൻസ്പെക്ടർ ടി ഉത്തംദാസ്, എസ് ഐ മുരളീധരൻ എന്നിവർ നിരീക്ഷണ കേന്ദ്രത്തിലെത്തിയാണ് അറസ്റ്റു ചെയ്തത്. ജോസിന്റെ ഭാര്യ ജിനോ (35) കഴിഞ്ഞ മാസം 25ന് ആണ് പരിയാരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ മരിച്ചത്. വിഷം അകത്തു ചെന്നു ചികിത്സയിൽ കഴിയുന്നതിനിടയിലായിരുന്നു മരണം.

ജിനോയുടെ സഹോദരൻ ജോബി നൽകിയ പരാതി പ്രകാരമാണ് ജോസ് പാറത്തട്ടേലിനെതിരെ ബേഡകം പൊലീസ് ആത്മഹത്യാ പ്രേരണയ്ക്കും ഭർതൃ പീഡനത്തിനുമെതിരെ കേസെടുത്തത്.

പടന്നക്കാട് കോവിഡ് നിരീക്ഷണ കേന്ദ്രത്തിൽ കഴിയുന്ന മാതാവ് മേരിയും ആത്മഹത്യാ പ്രേരണാകേസിലെ പ്രതിയാണ്.

ജോസ് പാറത്തട്ടേൽ

അഞ്ചു വർഷത്തിനിടയിൽ രണ്ടു മുന്നണികളുടെ ഭരണം; കാറഡുക്ക വീണ്ടും വീറുറ്റ പോരാട്ടത്തിലേക്ക്

മുള്ളേരിയ: 5 വർഷത്തിനുള്ളിൽ രണ്ട് ഭരണങ്ങൾ അനുഭവിച്ച കാറഡുക്ക ഗ്രാമ പഞ്ചായത്ത് വീറുറ്റ വാശിയോടെ അടുത്ത ജനവിധിക്കു തയ്യാറെടുക്കുന്നു.

സ്വന്തമായി ഭൂരിപക്ഷം ഉണ്ടാക്കി ഭരണം പിടിച്ചെടുക്കാൻ ബി.ജെ.പി കച്ചകെട്ടുമ്പോൾ ഭരണം സ്വന്തമാക്കാൻ ഇടതു പക്ഷവും നിലമെച്ചപ്പെടുത്താൻ വലതു പക്ഷവും അരയും തലയും മുറുക്കുന്നു. 15 അംഗ കാറഡുക്ക പഞ്ചായത്തിൽ ബി.ജെ.പിക്കു ഏഴും ഇടതു മുന്നണിക്ക് അഞ്ചും മുസ്ലീംലീഗിനു രണ്ടും അംഗങ്ങളും ഒരു കോൺഗ്രസ് സ്വതന്ത്രനുമാണ് നിലവിലുള്ളത്.

പ്രതിപക്ഷങ്ങൾ വിഘടിച്ച് നിന്നത് കൊണ്ട് ബി.ജെപിയുടെ ജി.സ്വപ്ന പ്രസിഡണ്ടും എം.ഗോപാലകൃഷ്ണ വൈസ് പ്രസിഡണ്ടുമാവുകയായിരുന്നു. 3 വർഷം കഴിഞ്ഞപ്പോൾ സി.പി.എം കൊണ്ടുവന്ന അവിശ്വാസ പ്രമേയത്തെ പ്രതിപക്ഷം ഒറ്റക്കെട്ടായി പിന്തുണച്ചു. അങ്ങനെ ബി.ജെ.പി ഭരണം വീണു. തുടർന്നു നടന്ന പ്രസിഡണ്ട് തെരഞ്ഞെടുപ്പിൽ സി.പി.എം സ്വതന്ത്ര അനുസൂയ റൈ പ്രസിഡണ്ടും കോൺഗ്രസ് സ്വതന്ത്രൻ വിനോദൻ നമ്പ്യാർ വൈസ് പ്രസിഡണ്ടുമായി തെരഞ്ഞെടുക്കപ്പെട്ടു. സി.പി.എമ്മും കോൺഗ്രസ്സും ലീഗും ചേർന്നു ചെയ്ത രാഷ്ട്രീയ ചതി വീണ്ടും ആവർത്തിക്കാൻ സാധ്യതയുണ്ടെന്നു ബി.ജെ.പി കരുതുന്നു. ഫലപ്രഖ്യാപനത്തിനുശേഷം ഇവർക്ക് മുന്നണി അടിസ്ഥാനത്തിൽ ഭൂരിപക്ഷമില്ലെങ്കിൽ പരസ്പരം മത്സരിക്കുന്ന ഇടതു വലതുമുന്നണികൾ ഇ-വ മുന്നണിയായി ബി.ജെ.പിക്ക് എതിരെ തിരിയാനുള്ള സാധ്യത നിലവിലുണ്ടെന്ന് ബി.ജെ.പി ആരോപിക്കുന്നു. അതുകൊണ്ട് ഒറ്റക്ക് ഭൂരിപക്ഷം നേടാനുള്ള ശ്രമത്തിലാണ് പാർട്ടി. ഇപ്പോഴുള്ള 7 സീറ്റുകൾ നിലനിർത്താനും രണ്ട് സീറ്റുകൾ പിടിച്ചെടുക്കാനുമാണ് ബി.ജെപിയുടെ ശ്രമം. 1, 2, 3, 4, 5, 7, 11 എന്നീ വാർഡുകളാണ് നിലവിൽ ബി.ജെപിയുടെ കൈകളിലുള്ളത്.

ബി.ജെ.പി ഭരണത്തെ ഇറക്കാൻ പ്രതിപക്ഷ അംഗങ്ങളെ ഒന്നിച്ച് നിർത്തിയതും കോൺഗ്രസ്-സിപിഎം സ്വതന്ത്രരെ പ്രസിഡണ്ടും വൈസ് പ്രസിഡണ്ടുമാക്കിയതും സി.പി.എം തന്ത്രമായിരുന്നു. രണ്ട് സ്വതന്ത്രർ അടക്കം 5 സീറ്റുകളുള്ള സി.പി.എം ഈ സീറ്റുകൾ നിലനിർത്തികൊണ്ട് 3 സീറ്റുകൾ പുതിയതായി പിടിക്കണം. അതിനുള്ള ശ്രമത്തിലാണ് തങ്ങളെന്നു സി.പി.എം നേതാക്കൾ പറയുന്നു. ഇതിനു പാർട്ടിക്ക് അടിത്തറയുണ്ടായിട്ടും ജയിക്കാൻ കഴിയാത്ത ചിലയിടങ്ങളിൽ ബി.ജെപിയെ തോൽപ്പിക്കാൻ സ്വതന്ത്ര സ്ഥാനാർത്ഥികളെയും ഇടതുമുന്നണി പരിഗണിക്കുന്നുണ്ട്. ഒരു കാലത്ത് കോൺഗ്രസ് ശക്തി കേന്ദ്രമായിരുന്ന പഞ്ചായത്തിൽ കോൺഗ്രസ് പാർട്ടിക്ക് ഇപ്പോഴുള്ളത് സി.പി.എം ശക്തി കേന്ദ്രമായ 15-ാം വാർഡിൽ ജയിച്ച ഒരു സ്വതന്ത്രൻ മാത്രമാണ്. എന്നാൽ അടുത്ത തെരഞ്ഞെടുപ്പിൽ സി.പിഎമ്മിനെ പഞ്ചായത്തിൽ നോക്കു കുത്തിയാക്കുമെന്നും അതിനുവേണ്ടിയാണ് കോൺഗ്രസ് അവരുമായി ചേർന്നു അധികാരം പങ്കിടുന്നതെന്നും കോൺഗ്രസ് നേതാക്കൾ പറയുന്നു. മുസ്ലീം ലീഗിനു കാറഡുക്ക പഞ്ചായത്തിൽ രണ്ട് സീറ്റുകളാണ് ഉള്ളത്. ഈ രണ്ട് സീറ്റുകളും അവർ നിലനിർത്തുമെന്നു ലീഗ് നേതാക്കൾ അവകാശപ്പെട്ടു. 8, 10 വാർഡുകൾ ലീഗ് ശക്തി കേന്ദ്രങ്ങളാണ്. മുള്ളേരിയ ടൗണിലെ ഗതാഗത കുരുക്ക്, ഒരു ബസ്സ്റ്റാന്റ് ഇല്ലാത്തത് എന്നിവ ഈ തെരഞ്ഞെടുപ്പിൽ ചർച്ചയാവും. മുള്ളേരിയ ടൗണിൽ ഗതാഗത കുരുക്ക് പരിഹരിക്കാൻ ബി.ജെ.പി ഭരണ സമയത്ത് പരിഷ്ക്കാരങ്ങൾ നടപ്പാക്കിയിരുന്നു. പക്ഷെ, പിന്നീട് വന്ന കൂട്ടുമുന്നണി പരിഷ്ക്കാരങ്ങൾ അട്ടിമറിച്ചതായി ബി.ജെ.പി ആരോപിക്കുന്നു. മുള്ളേരിയ ടൗണിൽ വാഹനങ്ങൾ പാർക്ക് ചെയ്യാനും മത്സ്യക്കച്ചവടത്തിനും പ്രത്യേക സ്ഥലം തീരുമാനിച്ചിരുന്നു. ഇതു നടപ്പിലാക്കി 3 മാസത്തിനുള്ളിൽ ഭരണം മാറി. ടൗണിലെ പരിഷ്ക്കാരങ്ങൾ പഴയ പോലെയായി എന്നു ബി.ജെ.പി പറയുന്നു. മുള്ളേരിയ ടൗണിൽ ഒരു ബസ്സ്റ്റാന്റ് എന്ന നാട്ടുകാരുടെ സ്വപ്നവും നടന്നില്ല. ഇതു ഭരണം നടത്തുന്നവർക്ക് താൽപ്പര്യമില്ലാത്തതാണെന്നു നാട്ടുകാരും പറയുന്നു.

അന്തുക്കാ